പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 721 — 29/10/2019 - ൽ മറുപടിക്ക്

## സഹകരണ മേഖലയിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം

ചോദ്യം

ശ്രീ.പി.ടി. തോമസ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സഹകരണ മേഖലയിലെ ജനാധിപത്യം അ ട്ടിമറിച്ച് പ്രമുഖ അപ്പക്സ് സഹകരണ സംഘങ്ങള ടെ ഭരണസമിതിയിലേക്ക് തെരഞ്ഞെ ടുപ്പ് നടത്താതെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം തുടരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | കേരള ബാങ്ക് രൂപീകരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സഹകരണ ബാങ്കിലും ടൂറിസം സംഘങ്ങളിലെ ചട്ടം ഭേദഗതിയുടെ നടപടി ക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ടൂർഫെഡിലും അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുന്നു. |
| ബി) | നിലവിൽ ഏതൊക്കെ അപ്പക്സ് സഹകരണ സംഘങ്ങളിലാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം നടക്കുന്നതെന്ന് അറിയിക്കാമോ; | ബി) | സംസ്ഥാന സഹകരണ ബാങ്കിൽ അഡ്മിനിസ്ട്രേറ്ററും ടൂർഫെഡിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും ഭരണം നടത്തുന്നു. |
| സി) | സംസ്ഥാനത്തെ ഭൂരിപക്ഷം സഹകരണ സ്പിന്നിംഗ് മില്ലുകളിലും ഭരണസമിതി തെരഞ്ഞെടുപ്പ് നടത്താതെ സർക്കാർ നാമനിർദ്ദേശം ചെയ്യവർ ഉൾപ്പെട്ട ഭരണസമിതിയാണോ നിലവിലുള്ളത്; ഇത് സഹകരണ സംഘ നിയമത്തിന് അനുസൃതമാണോ; വ്യക്തമാക്കാമോ? | സി) | സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത കണ്ണൂർ, മലപ്പുറം തൃശ്ശൂർ, ആലപ്പുഴ, കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ നോമിനേറ്റഡ് ഭരണ സമിതിയാണ് നിലവിലുള്ളത്. പ്രിയദർശിനി, കെ. കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ എന്നീ സ്പിന്നിംഗ് മില്ലുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയാണ് ഉള്ളത്. സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത പ്രസ്തുത മില്ലുകളിൽ സർക്കാർ നോമിനേറ്റഡ് ഭരണസമിതി തുടരുന്നതിന് സ.ഉ(പി)നം.74/2003 തീയതി 24.06.2003 എന്ന ഗസറ്റ് നോട്ടിഫിക്കേഷൻ അനുസരിച്ച് നിയമസാധുത ഉണ്ട്. |

സെക്ഷൻ ഓഫീസർ